# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1960 — 05.10.2016 -ൽ മറുപടിയ്ക്ക്

**ഭൂഗർഭ ജല ചൂഷണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.ആർ.രാമചന്ദ്രൻ | | ശ്രീ.മാത്യു ടി തോമസ്<br>ജലവിഭവ വകുപ്പുമന്ത്രി |
| എ) | ഭൂഗർഭ ജല ചൂഷണം സംബന്ധിച്ച് സർക്കാറിന്റെ നയം വിശദമാക്കുമോ; | എ) | സംസ്ഥാനത്ത് ഭൂജലം സംരക്ഷിക്കുന്നതിനും അതിന്റെ ചൂഷണം, ഉപയോഗം എന്നിവ ക്രമീകരിക്കുന്നതിനും നിയന്ത്രിക്കുന്നതിനും വേണ്ടി കേരള ഭൂജലം (നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് 2002 നിലവിലുണ്ട്. ഈ ആക്റ്റിൻ പ്രകാരമുള്ള ചട്ടങ്ങൾ 2004 മാർച്ച് 16 നിലവിൽ വരികയും അതനുസരിച്ച് കേരള ഭൂജല അതോറിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | കേരളത്തിലെ ഭൂപ്രകൃതിയുടെ അടിസ്ഥാനത്തിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | ബി) | സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ കുഴൽ കിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ അനുമതി ആവശ്യമാണ്.<br>കേരള കെട്ടിട നിർമ്മാണ ചട്ടം 2011 – ലെ അദ്ധ്യായം 14, ചട്ടം 93 (എ) അനുസരിച്ച് കുഴൽ കിണർ നിർമ്മിക്കുന്നതിന് അതാത് പഞ്ചായത്തിന്റെ അനുമതി ആവശ്യമാണ്. പഞ്ചായത്തിൽ നിന്നും ഈ അനുമതി ലഭിക്കുന്നതിന് ഭൂജല വകുപ്പിന്റെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്. |
| സി) | കുപ്പിവെള്ള കമ്പനികൾ ഭൂഗർഭ ജലം അമിതമായി ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ പ്രവർത്തനം പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദീകരിക്കുമോ? | സി) | കുപ്പിവെള്ള നിർമ്മാണ കമ്പനികൾക്ക് ഭൂജലം ഉപയോഗിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് ആവശ്യമാണ്.<br>ഭൂജല വകുപ്പിന്റെ ജില്ലാതലത്തിലുള്ള ഓഫീസുകളിൽ ലഭിക്കുന്ന അപേക്ഷകളിൽ വിശദമായ പഠനങ്ങൾ നടത്തി റിപ്പോർട്ട് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ജില്ലാതല കമ്മിറ്റിയിൽ പരിഗണിച്ച് അനുയോജ്യമായ അപേക്ഷകൾ, സംസ്ഥാന ഭൂജല അതോറിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുകയും അതോറിറ്റി അന്തിമമായ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്, |

വ്യവസായ വകുപ്പ്, അതാത് പഞ്ചായത്ത്/മുൻസിപ്പൽ പ്രദേശങ്ങളിലെ പ്രതിനിധി, കേന്ദ്ര ഭൂജല ബോർഡ് പ്രതിനിധി, എന്നിവർ ഉൾപ്പെട്ടതാണ് ജില്ലാതല അവലോകന കമ്മിറ്റി. പമ്പിംഗ് ടെസ്റ്റ് നടത്തി പരിസരപ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ ബാധിക്കാത്ത തരത്തിലാണ് ഇത്തരം കമ്പനികൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് നൽകുന്നത്. പ്രതിദിനം ഉപയോഗിക്കാവുന്ന ജലത്തിന്റെ അളവ് പമ്പിംഗ് ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയിട്ടുണ്ട്. ഇത് അവലോകനം ചെയ്യുന്നതിനും സംവിധാനമുണ്ട്. അമിതമായി ജലചൂഷണം നടത്തുന്നുവെന്ന് ബോദ്ധ്യപ്പെട്ടാൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ